പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4404 17.05.2017-ൽ മറുപടിയ്ക്ക്

**മാനന്തവാടി നഴ്സിംഗ് കോളേജ് കെട്ടിടനിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | മാനന്തവാടി നഴ്സിംഗ് കോളേജ് കെട്ടിടനിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) | മാനന്തവാടി നേഴ്സിംഗ് കോളേജ് നിർമ്മാണത്തിനായുള്ള പ്രവൃത്തി SE(K) 141/16-17/dated 04/10/2016 ആയി എഗ്രിമെൻറ് വെച്ചിട്ടുള്ളതാണ്. പ്രവൃത്തി 23/10/2016 ന് തുടങ്ങുകയും ചെയ്തു. എന്നാൽ ടി സ്ഥലം പഴശ്ശികുടീരത്തിന് സമീപം ഉള്ള സംരക്ഷിത പ്രദേശമായതിനാൽ പ്രവൃത്തി നിർത്തിവയ്ക്കേണ്ടതായി വന്നു. തുടർന്ന് ആർക്കിയോളജി വിഭാഗത്തിന്റെ അനുമതിക്കായി അപേക്ഷിക്കുകയും തത്ഫലമായി 29/04/2017 ന് ടി സ്ഥലം ആർക്കിയോളജി വിഭാഗവുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ചെയ്തു. തുടർന്ന് നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയിൽ നിന്ന് തന്നെ ഒഴിവാക്കി തരണമെന്ന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുള്ളതിനാൽ അന്തിമ തീരുമാനത്തിനായി ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (ബി) | എത്ര തുകയാണ് ഇതിനായി മാറ്റി വച്ചിരിക്കുന്നത്? | (ബി) | GO(Rt)No.1070/2012/PWD dated 12/06/2012 എന്ന സർക്കാർ ഉത്തരവ് പ്രകാരം 172.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ